പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3217 21.08.2017-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി യിൽ വിദ്യാർത്ഥികൾക്കുള്ള യാത്രാപാസ്

ചോദ്യം
ശ്രീ.ജോർജ് എം. തോമസ്

ഉത്തരം
ശ്രീ. തോമസ് ചാണ്ടി
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | താമരശ്ശേരി കെ.എസ്.ആർ.ടി.സി സബ് ഡിപ്പോ , തിരുവമ്പാടി ഓപ്പറേറ്റിംഗ് സെന്റർ എന്നിവിടങ്ങളിൽ നിന്നും ആവശ്യത്തിനനുസരിച്ചുള്ള യാത്രാ പാസുകൾ വിദ്യാർത്ഥികൾക്ക് അനുവദിക്കാത്തതിന്റെ കാരണം വിശദമാക്കുമോ; | (എ) യും (ബി) യും | നിലവിലെ ബസ്സുകളുടെ എണ്ണത്തിന്റെ തോത് അനുസരിച്ച് പരമാവധി വിതരണം ചെയ്യുന്നുണ്ട്. തിരുവമ്പാടിയിൽ കൺസഷൻ കൊടുക്കാവുന്ന റൂട്ടുകളിൽ 12 ബസ്സുകളാണ് സർവ്വീസ് നടത്തുന്നത്. അവിടെ ഫ്രീ പാസ് 1154 ഉം, കോളേജ് പാസ് 128 ഉം കൂടി 1282 പാസുകൾ വിതരണം ചെയ്തിട്ടുണ്ട്. താമരശ്ശേരി-അടിവാരം-കോഴിക്കോട് റൂട്ടിൽ 52 ബസ്സുകൾ സർവ്വീസ് നടത്തുന്നു. ഫ്രീ പാസ് 1163 ഉം, കോളേജ് പാസ് 401 ഉം കൂടി 1564 പാസുകൾ വിതരണം ചെയ്തു. ആകെ പാസുകളുടെ എണ്ണം 2846. |
| (ബി) | മറ്റു യാത്രാ മാർഗ്ഗങ്ങളില്ലാത്ത മലയോര പ്രദേശങ്ങളിലെ ഇത്തരം വിദ്യാർത്ഥികൾക്ക് യാത്രാ പാസ് അനുവദിക്കുന്നതിന് പ്രത്യേക അനുമതി നൽകുമോ? | | |

സെക്ഷൻ ഓഫീസർ